
മുകുളം

# LITTLE KITES 2019-2020

## *GHS KAVILUMPARA UNIT*

## *PRESENTS*

# DIGITAL MAGAZINE

## ഹൃദയത്തിനുള്ളിലെ കുഞ്ഞുപൂക്കൾ

*ഇന്നെന്റെ നെഞ്ചിലെ പൂമൊട്ടുകൾ*
*സൂര്യന്റെ ചൂടേറ്റ വാടിടുമ്പോൾ ,*
*മൂകമായി ഞാനന്നു നിന്നിടുമ്പോൾ*
*മഴയായി വന്നൊരാ ഇന്ദ്രദേവൻ*
*എന്നുടെ മൊട്ടുകൾ വീണ്ടെടുത്തു.*
*കാടിന്റെ ഹൃത്തിലെ ഉൾവിളിയിൽ നിന്ന്*
*ഞാനങ്ങു  വീണ മയങ്ങിയപ്പോൾ ചാരുതയേകം പിതൃസന്ധ്യങ്ങൾ*

***ഇന്നെന്റെ പൂക്കൾ വിടർത്തിയല്ലോ.....***
***താണുകേഴുന്ന പറയിയെ പോൽ***
***ഞാനന്നുവീണു കരഞ്ഞിടുമ്പോൾ***
***സൂര്യനായി വന്നൊരാ കാമദേവൻ***
***അട്ടഹാസിച്ചു ചിരിച്ചുവല്ലോ......***
***എൻ മനസ്സിൽ നിറങ്ങളില്ല.....***
***എൻ മനസ്സിലെ പൂവുകളില്ല......***
***ഒരു കാല മാത്രയും ഞാനവിടെ***
***മൂകമായി നിന്നു കഴിച്ചുകൂട്ടി***
***അന്നെന്റെ നെഞ്ചിലെ കാനനങ്ങൾ***
***മരുഭൂമിയായന്നു തീർന്നുവല്ലോ.....***
***ഇന്നെന്റെ നെഞ്ചിലെ മരുഭൂമികൾ***
***മഴയേറ്റു ചെടികൾ പുറത്തു വന്നു.***
***ചെടിയിലാ ശോഭവിരിയുന്നൊരാ ഒരുല കുഞ്ഞുപുഷ്പത്തിൻ ജനനമായി.....***

# സ്നേഹ തീരങ്ങൾ

*ഒരു കടൽ തീരത്തിനടുത്ത് ദരിദ്രരായ കുടുംബങ്ങൾ ജീവിക്കുന്നുണ്ടായിരുന്നു അതിലൊന്നായിരുന്നു രാമുവിനെ വീട് ആ വീട്ടിൽ സന്ധ്യ എന്ന വീട്ടമ്മ യും മകൻ അപ്പുവും അവന്റെ അനുജത്തി മീനുവും കുട്ടികളുടെ അച്ഛൻ രാമുവും ജീവിച്ചിരുന്നു രാമുവും അപ്പുവും നേരം വെളുക്കുന്നതിനു മുൻപേ കടലിൽനിന്ന് മീൻ പിടിക്കാൻ പോകാറുണ്ടായിരുന്നു മീൻ പിടിച്ച് വിറ്റ് പൈസ ആക്കിയിട്ട് വേണം വീട്ടിലെ ചെലവ് നടത്താൻ അപ്പുവിനെ പ്രായം 13 മാത്രമാണ് മീനുവിന് ആറും മീനു പറയുന്നതെന്തും അപ്പു എങ്ങനെയെങ്കിലും കഷ്ടപ്പെട്ട് വാങ്ങി കൊടുക്കുമായിരുന്നു അങ്ങനെ മീനുവിനെ പിറന്നാൾ എത്തി അവൾക്ക് ആഗ്രഹമുണ്ട് എല്ലാരെയും പോലെ പുത്തൻ ഉടുപ്പിട്ട് മിഠായി സ്കൂളിൽ വിതരണം ചെയ്യാൻ പക്ഷേ തന്റെ ഏട്ടന്റെ യും അച്ഛനെയും കഷ്ടപ്പാട് കണ്ട് പുത്തൻ ഉടുപ്പിന് മിഠായി കോ  ഒന്നും മനപ്പൂർവ്വം അറിയിക്കാതിരുന്നത് എന്താണെന്നറിയില്ല അപ്പു എന്നും പോകുന്നതിലും നേരത്തെ വീട്ടിൽ നിന്ന് പോയിരുന്ന എന്താണെന്ന് അമ്മയോട് പറഞ്ഞില്ല മീനു ഉറക്കമുണരുന്നത് നേരം പരപരാന്നു വെളുത്ത അപ്പോഴാണ് എഴുന്നേറ്റപ്പോൾ അവൾ അപ്പുവിനെ കണ്ടില്ല അവൾ കരുതി ഇന്ന് ഏട്ടൻ മീൻ പിടിക്കാൻ പോയിരിക്കും എന്ന് പക്ഷേ അച്ഛൻ വീട്ടിൽ തന്നെയുണ്ട് മീന ചോദിച്ചു അച്ഛൻ ഇന്ന് കടയിൽ പോകുന്നില്ലേ എന്ന് അച്ഛന്റെ മറുപടി ഇങ്ങനെ ആയിരുന്നു അപ്പൊ എങ്ങോട്ടാണെന്ന് പറയാതെ രാവിലെ ഇറങ്ങി പോയതാ അവൻ*

*വന്നിട്ട് വേണം വലവീശാൻ കടലിൽ പോകാൻ അപ്പുവിനെ എന്തെങ്കിലും സന്തോഷമോ സങ്കടമോ വന്നാൽ ഒറ്റയ്ക്ക് കടൽ തീരത്തിരുന്ന് തിരമാല യോട് വർത്താനം പറയും ഇത് അവന്റെ ഒരു ശീലമായിരുന്നു മീനു കടൽത്തീരത്തെ സാധാരണ അപ്പു ഇരിക്കുന്നിടത്ത് തിരക്കി പക്ഷേഅവനെ കാണാൻ കഴിഞ്ഞില്ല അപ്പോഴാണ് പിന്നിൽ നിന്ന് വിളി കേട്ടത് മറ്റാരുമല്ല ആയിരുന്നു അമ്മയായിരുന്നു മിന്നു നീ അവിടെ എന്തെടുക്കുവാ വന്ന് പൊളിച്ചു ചായകുടിച്ച് സ്കൂളിൽ പോകാൻ നോക്ക് അവൾ അടുപ്പിനു മുകളിൽ കെട്ടിയ ആയുർവേദ യൂണിഫോം എടുത്തു കുളിക്കാൻ പോയി ദാരിദ്ര്യത്തിന് അഭാവംമൂലം യൂണിഫോം ഒന്നുമാത്രമേ ടപ്ടൈം പിടിച്ചിരുന്നു ഉള്ളൂ എന്നും വന്നിട്ട് അലക്കിയിട്ടും നന്നായി ഉണങ്ങിയ ഇല്ലെങ്കിലും അത് ഇട്ട് സ്കൂളിൽ പോകുമായിരുന്നു പുകയുടെ തീക്ഷ്ണ ഗന്ധം ഉണ്ടാവുന്നത് കുറച്ച് സമയം മാത്രമാണ് കുളി കഴിഞ്ഞു ചായ കുടിക്കാൻ അടുക്കളയിലെത്തി എമ്മിനോട് അമ്മ ഇടറിയ സ്വരത്തിൽ പറഞ്ഞു മീനു എനിക്കറിയാം നിന്റെ പിറന്നാളാണ് ഇന്ന് ഞാൻ മറന്നു എന്ന് നീ കരുതണ്ട നിന്റെ അമ്മ അല്ലേ ഞാൻ നിനക്ക് ഉടുപ്പ് വാങ്ങി തരണമെന്ന് കൊതി ഇല്ലാഞ്ഞിട്ടല്ല നമ്മളെപ്പോലെയുള്ള പാവങ്ങൾക്ക് അതിനു സാധിക്കില്ല അച്ഛനും വിഷമമുണ്ട് അപ്പോഴും അമ്മയുടെ കണ്ണ് നിറഞ്ഞിരുന്നു മീന പറഞ്ഞു എനിക്കറിയാം സാരമില്ല അമ്മേ ശർക്കരയിട്ട് കട്ടൻകാപ്പി ഒരു ഉണക്ക ചപ്പാത്തി കഴിച്ചു സ്കൂളിലേക്ക് പോകാൻ ഇറങ്ങിയപ്പോഴാണ് ഏട്ടൻ ഓടി വരുന്നത് അവൾ കണ്ടത് അവൻ അടുത്തെത്തി അവളുടെ കയ്യിൽ ഒരു സഞ്ചി കൊടുത്തു തു തുറന്നു നോക്കിയപ്പോൾ ഇളംനീല തട്ടുടുപ്പ്*

***മിഠായിയും അവർ തന്നെ ഞെട്ടിപ്പോയി ഏട്ടനെ കെട്ടിപിടിച്ചു കവിളിൽ ഉമ്മ കൊടുത്തിട്ട് അകത്തേക്കോടി ഉടുപ്പിട്ട ഇറങ്ങി അടുക്കളയിൽ ചെന്നു***

# ജീവിത ചിന്തകൾ

***ഒരു കുഞ്ഞു കാലെടുത്തു പുറത്തു***
***വെയ്ക്കുമ്പോൾ തുടങ്ങുന്നു***
***ഒരു ജീവിതം***
***താരാട്ടാലപമാർന്നു അമ്മ***
***അവനെ വളർത്തുന്നു***
***എന്തിനും ഏതിനും അവന്***
***വാശിപിടിക്കുമ്പോൾ***
***അതിൽ കീഴങ്ങുന്നു അച്ഛൻ***
***സുഖലോലലാളനയിൽ വളർന്ന***
***അവന്റെ മുഖം കാന്തിയാർന്നു.***
***അവനിൽ പുതുചിന്തകളുണരുന്നു.***

*യൗവന കാലങ്ങളിൽ അവന്റെ*
*ജീവിതത്തിൽ പുഞ്ചിരി നിറയുന്നു.*
*പ്രതീക്ഷകളും ആകാംക്ഷയും*
*അങ്ങനെ പലതും*
*ഈവണ്ണമൻചൊട്ട വളർന്നഥ*
*നിന്റെയംഗമാവിഷ്കരിച്ച ചില-*
*ഭംഗികൾ മോഹനങ്ങൾ*
*അതിലൂടെ പുതിയ പുഞ്ചിരി സഞ്ചരിക്കുന്നു.*
*ഒരു പുതുയാമത്തിൽ അവന്റെ*
*ലോകം ആകെ മാറിമറിയുന്നു.*
*ലോകത്ത് എന്തിനേക്കാൾ വലുത്*
*സ്നേഹമാണെന്നറിഞ്ഞ*
*അവനെ ലോകം നമിക്കുന്നു.*
*അവന്റെ ജീവിതം അങ്ങനെ*
*സുഖകരമാവുന്നു.*
*അവൻ പുതുനിലാവ് പോലെ*

***പ്രകാശം പരത്തുകയും തിളങ്ങുകയും***

***ചെയ്യുന്നു.***

***അവന്റെ ആയുസ്സ് ദൈവം***

***നിശ്ചയിക്കുന്നു.***

***അവൻ ഒരു സ്വർണ്ണ ശലഭമായ്***

***ലോകം മുഴുവൻ ചുറ്റിസഞ്ചരിക്കുന്നു.***

***സ്നേഹത്തോണിയിൽ അവൻ***

***യാത്ര ചെയ്യുന്നു.***

***സ്നേഹമുള്ളിടം തേടി.***

# തോരാമഴ

ഞങ്ങൾ വീട്ടുമുറ്റത്ത് മഴ നനഞ്ഞു നിൽക്കുകയായിരുന്നു.വീട്ടിനകത്താണെങ്കിൽ നിൽക്കാനൊരിടമില്ല. ഓലപ്പുരയായതുകൊണ്ട് എല്ലായിടത്തും ചോരുന്നുമുണ്ട് വീട്ടിൽ ഞങ്ങൾ നാലുപേരാണ് .ഞാനും അമ്മയും ഏട്ടനും മുത്തശ്ശിയും.സന്ധ്യയായാൽ ഞങ്ങൾ അയൽവക്കത്തെ രമണിചേച്ചിയുടെ വീട്ടിൽ പോകും. അത് വാർപ്പിന്റെ വീടാണ്.എല്ലാ ദിവസവും രാത്രി അവിടെയാണ് താമസം.അവിടെയാന്നെങ്കിൽ ടീവിയും ഉണ്ട്.സീരിയൽ എന്നത് മുത്തശ്ശിക്കൊരു ഹരമാണ്.വെക്കേഷൻ കാലമാണ് .ഞാൻ നാലാം ക്ലാസ്സിലാണ്. ഏട്ടന് എന്നേക്കാളും നാല് വയസ്സ് മൂപ്പുണ്ട് .മഴക്കാലത്ത് ഞങ്ങൾ പുഴയിൽ കുളിക്കാൻ പോകാറുണ്ട്.മഴ ഞങ്ങൾക്ക് ഉപകാരവും ഉപദ്രവും നൽകാറുണ്ട് .എനിക്ക് മഴ വളരെ ഇഷ്ടമാണ്.പക്ഷേ ഈ മഴ ഞങ്ങൾക്ക് രണ്ട് പ്രാവിശ്യം ദുരന്തവും നൽകിയിട്ടുണ്ട്.മഴയത്ത് ഉറങ്ങാൻ നല്ല രസമായിരിക്കും രമണിചേച്ചിയുടെ വീട്ടിൽ പോയാൽ രാവിലെ അവിടെ നിന്നായിരിക്കും ചായ.അച്ഛൻ ദില്ലിയിലാണ് ഇടയ്ക്കിടെ അവിടെ നിന്ന് രണ്ടായിരം രൂപ അയച്ചുതരും.പണത്തിന് ബുദ്ധിമുട്ടുള്ളതുകൊണ്ടാണ് പുതിയവീട് പണിയാത്തത്.ചില ദിവസങ്ങളിൽ അമ്മതുണിയൊക്കെ തയ്യിക്കാൻ

*പോകും.ചേമ്പില ചൂടി മഴത്ത് ഞാനും അമ്മയുടെ കൂടെ അങ്ങാടിയിൽ പോകാറുണ്ട്.അപ്പോൾ അമ്മ എനിക്ക് ഒന്നോ രണ്ടോ നാരങ്ങമിഠായി വാങ്ങിത്തരും*

*ആദിത്യ രമേശ്*

# കാത്തിരിപ്പ്

*പതിവ് പോലെ അവൾ നേരത്തെ ഉറങ്ങാൻ കിടന്നു മനസ്സിൽ ഒരുപാട് കാര്യങ്ങൾ വന്ന തിങ്ങിനിറഞ്ഞ ഉണ്ട് അവയെ ഓരോന്നായി അവൾ പുറത്തെടുത്തു ഉറങ്ങാൻ കിടക്കുന്നതിന് മുമ്പായി അവൾ ആദ്യം ഓർക്കുക തന്റെ അമ്മയെ പറ്റിയായിരുന്നു അമ്മയുടെ ഒരു മുഖഭാവം പോലും ഓർമ്മയില്ല എങ്കിലും ഒരു തിരിച്ചു വരവില്ലാത്ത രീതിയിൽ തന്നെ തനിച്ചാക്കി പോയതാണെന്ന് അറിയാം അമ്മയെ മാത്രം മനസ്സിൽ ഓർത്തുകൊണ്ട് അവൾ പതുക്കെ മയക്കത്തിലേക്ക് വഴുതി വീണു എങ്കിലും അവളുടെ മനസ്സിൽ ചില നടുക്കങ്ങൾ പൂർണ്ണമായി അതിനു സമ്മതിച്ചില്ല അച്ഛൻ വാതിൽ ഭദ്രമായി കൊട്ടിയടക്കുന്നു ശബ്ദം അവർ കേട്ടു അതിനു പുറകിലായി തന്നെ അച്ഛൻ തന്റെനെറ്റിയിൽ തടവുന്നതും അവൾക്ക് അനുഭവപ്പെട്ടു അതാണ് അവൾക്ക് ഏക ആശ്വാസം തൊട്ടടുത്തുള ക്വാറി ഇൽ ആണ് അച്ഛന്റെ പണി കാലുകൾക്ക് സുഖമില്ലാത്തതിനാൽ അവൾ സ്കൂൾ ജീവിതം ഉപേക്ഷിച്ചിരുന്നു അച്ഛനും മകളും മാത്രമായിരുന്നു ഓലപ്പുരയിൽ താമസം ഓലകൾ ഇടയിലെ വിടവുകളിലൂടെ സൂര്യകിരണങ്ങൾ അവളുടെ മുഖത്ത് പതിച്ചു മാളു മോളെ*

*മാളു അപ്പോഴേക്കും അച്ഛൻ അവളെ വിളിച്ചിരുന്നു ഓ ഒരു മൂളൽ ഓടെ അവൾ എഴുന്നേറ്റു തൊട്ടടുത്തുണ്ടായിരുന്ന വടിയിൽ താങ്ങി കൊണ്ട് അവൾ കോലായിലേക്ക് ഇറങ്ങി അവിടെ ഇരുന്നു അച്ഛൻ ജോലിക്ക് പോകാനായി തയ്യാറായി കഴിഞ്ഞിരുന്നു അവൾക്ക് വേണ്ട ഉപ്പുമാവ് അവർ ഉണ്ടാക്കി വെച്ചിരുന്നു എന്നിട്ട് മകളോട് ആയി പറഞ്ഞു ദേ മോളെ നീ അതെടുത്തു കഴിച്ചേ എന്നിട്ട് വാതിലും പൂട്ടി അകത്തിരുന്നു ആരു വന്നാലും തുറക്കേണ്ട എന്നിലെ അച്ഛൻ പറയാൻ ഇരുന്ന് ബാക്കി വാക്യം അവൾ പൂർത്തീകരിച്ചു അച്ഛൻ ഒരു ചെറുപുഞ്ചിരിയോടെ അവളുടെ കവിളിൽ ഒരു ഉമ്മ നൽകി പക്ഷേ അച്ഛന്റെ മനസ്സിൽ മാളുവിനെ കുറിച്ച് വേവലാതികൾ കൂടുകയാണ് ഒമ്പത് വയസ്സ് മാത്രം പ്രായമായ ഒരു സുന്ദരിക്കുട്ടിയാണ് അവൾ അച്ഛനെ ടാറ്റ കൊടുത്ത് പറഞ്ഞയച്ചു അങ്ങകലെ തെങ്ങിൻ തോപ്പുകളിൽ അച്ഛന്റെ രൂപം മായുന്നത് വരെ അവൾ ഇമവെട്ടാതെ അങ്ങനെ നോക്കി നിന്നു അതൊരു സ്ഥിരം കാഴ്ചയാണ് ഓരോ നിമിഷവും അവളുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ നിർത്താതെ ഒഴുകുന്നുണ്ടായിരുന്നു തനിക്ക് വേണ്ടി മാത്രം കഷ്ടപ്പെടുന്നത് അച്ഛനെ ഓർത്തു തന്റെ കാലുകൾ ബലമുള്ള ആയിരുന്നെങ്കിൽ താൻ അച്ഛനുവേണ്ടി ജീവിക്കും ആയിരുന്നു എന്ന് അവൾ ഓർത്തു ചിന്തകൾ മുഴുവൻ മനസ്സിൽ അടക്കി അവൾ അകത്തു കയറി വാതിൽ പൂട്ടി അച്ഛൻ*

***പോയി കഴിഞ്ഞാൽ പിന്നെ അവൾക്ക് വല്ലാതെ പേടിയാണ് ആരെയാണോ എന്തിനെയാണോ താൻ പേടിക്കുന്നത് എന്ന കാര്യം അവൾക്കറിയില്ല എങ്കിലും ചിലത് അവളെ വല്ലാതെ ബുദ്ധിമുട്ടി ഇരിക്കുന്നു അപ്പുറത്തെ വീട്ടിലെ സുരേഷേട്ടനെ നോട്ടം അവൾക്ക് തീരെ ഇഷ്ടമായിരുന്നില്ല വിവാഹപ്രായം ഒക്കെ കഴിഞ്ഞിട്ടും സുമേഷ് ഇതുവരെ വിവാഹം കഴിച്ചിരുന്നില്ല കുട്ടികളോട് പൊതുവേ അയാൾക്ക് ഒരു താല്പര്യം ഉണ്ടായിരുന്നു ഇക്കാര്യം മാളു വിന്റെ അച്ഛനെ നന്നായി അറിയാം അതുകൊണ്ട് തന്നെയാണ് അവളെ അവിടെ ഒറ്റയ്ക്ക് നിർത്തി പോകുന്നതിനുള്ള ആശങ്ക മുഴുവൻ സമയവും മുറിയിലിരുന്ന് പടം വരയ്ക്കൽ ആണ് അവളുടെ പണി സമയം തങ്ങിനിൽക്കാൻ അവൾ ഈ മാർഗ്ഗം ഉപയോഗിച്ചു പുറത്തു നല്ല ചൂടാണ് അവ ജനലുകൾ ഭാഗികമായി തുറന്ന് പുറത്തേക്ക് നോക്കി അച്ഛൻ വരാൻ സമയമായോ എന്ന് അവൾക്ക് സമയം നോക്കാൻ അറിയില്ലായിരുന്നു അറിയാമെങ്കിൽ തന്നെ അതിനുള്ള ഒരു ഉപകരണവും അവളുടെ വീട്ടിൽ ഇല്ല അച്ഛൻ വീട്ടിൽ തിരിച്ചെത്തിയ സമയം മാളു കൃത്യമായി മനസ്സിലാക്കിയിരുന്നു മുറ്റത്തെ മാവിൽ വെയ്ക്കുമ്പോൾ അവയുടെ വലിയൊരു നിഴൽ എതിർവശത്തെ മുറ്റത്തെ പ്രത്യക്ഷമാവുക ആയിരുന്നു ജനാലയിലൂടെ അവൾ അതായിരുന്നു ശ്രദ്ധിച്ചിരുന്നത് വെയിൽ നന്നായി മാഞ്ഞു കഴിയുമ്പോൾ ആ നിഴൽ അവിടെ നിന്നും അപ്രത്യക്ഷമാകും***

*എല്ലാ ദിവസവും കൃത്യമായി തന്നെ അച്ഛൻ വീട്ടിൽ തിരിച്ചെത്തിയിരുന്നു മോളെ മാളു വാതിൽ തുറക്കെ അച്ഛന്റെ വിളികേട്ട് അവൾ ഏറെ സന്തോഷവതിയായി തന്നാൽ കഴിയുന്നവിധം വേഗത്തിൽ അവൾ വാതിൽ തുറന്നു കൊടുത്തു അവർ രണ്ടുപേരും കോലായിൽ ഇരുന്നു അച്ഛന്റെ കൈകളിൽ അവൾ മെല്ലെ തടവി രണ്ടുപേരും ഏറെ സ്നേഹത്തോടെ എന്തൊക്കെയോ സംസാരിച്ചു കൊണ്ടിരുന്നു അങ്ങനെ ആ ദിവസവും കടന്നു പോയി പിറ്റേന്നും ഒരു പുതു പ്രഭാതം അവിടെ തുടങ്ങി*

# സൗഭാഗ്യ സൗഹൃദം

*എൻ മാതാപിതാക്കളും കൂട്ടുകാരു*

*മാണെന്റെ ജീവിതസാഗരം.*

*ആ സാഗരത്തിന്റെ സ്നേഹവായ്പിൽ*

*നീന്തിത്തുടിക്കുന്ന മത്സ്യങ്ങളാണോരോ*

*സുഹൃത്തുക്കളും.*

*ജീവിതത്തിൻ സുഖ ദു:ഖങ്ങളിലൊരുമിച്ച്*

*ചേർന്നു, മുന്നോട്ടുപോകുന്നവരേവരും,*

*ഇടയ്ക്കിടെ കലുഷമാം ജീവിതത്തിൽ ഒത്തുചേർന്നു പരിഹാരം കാണുവാ*

*നവർക്കാകും.*

*അല്ലയോ സോദരെ, നാമെല്ലാവരും*

*രക്തബന്ധത്തിനു മേലെ ബന്ധിച്ച ചരടുകളായീടുന്നു.*

*ജീവിതാന്ത്യത്തിലും കരുത്തേകുമവർ*

*ഇടയ്ക്കിടെ നാമേവരുടെയും അ-*

*ച്ഛനമ്മമാരായ് തീർന്നീടുന്നു.*

*സ്വർല്ലോകത്തിൻ നടയിങ്കൽ ഞാൻ കരഞ്ഞു നിന്നു,*

*ഇനിയും ലഭിക്കുമോ*

*ആ " സൗഭാഗ്യ സൗന്ദര്യം"*

## ഓർമ്മയെ പൊടി തട്ടുമ്പോൾ

*കാണുന്നു, ഞാൻ വരും വഴിവക്കിലെ വൃക്ഷങ്ങളിൽ*

*പടർന്നു നിൽക്കും പൂവള്ളികൾ*

*ഓർക്കുന്നു ഞാൻ ആ സ്കൂൾ വരാന്തയില-*

*ങ്ങനെ മുട്ടി നിൽക്കും ഇരു കൈതലങ്ങൾ*

*ഒന്നു ചേർന്നീടുമിരു പുഴകൾ പോലാ-*

*മനങ്ങൾ ഇഴ ചേർന്നു നിന്നതും*

*കേൾക്കുന്നു ഞാൻ മര ചില്ലയിൽ തത്തും*

*കിഴികൾ തൻ നാദസ്വരം, പണ്ടു-*

*പങ്കുവെച്ച മാനസങ്ങളിലെ-*

*വികാരങ്ങൾ പോൽ,*

*കാലത്തിൻ യാമങ്ങളിൽ വേർപിരിയുമിരു പുഴയും, കാലപ്പഴക്കത്തിൽ-*

*വിട്ടുപോവും നൂലിഴകളും കൂടാതെ*

*ജീർണിക്കും ലതകളും, സാമ്യം*

*പുലർത്തുന്ന ജീവിത ഭാഗമിന്നെന്നുമെ*

*ത്തുന്നെന്റെ ഇടനെഞ്ചിലായ്....*

*വേർപിരിഞ്ഞ വിദ്യാലയത്തിൽ നിന്നെ-*

*ന്നാലും, ഇഷ്ടമുള്ളതൊളിപ്പിക്കും*

*പോൽ, കാത്തു സൂക്ഷിക്കുന്നാ സൗഹൃദം*

*ആരുമേ കാണാത്ത ഇരുട്ടറയിൽ*

# അമ്മ പോയി വാവ വന്നു

*നേരം പരപരാവെളുത്തുതുടങ്ങുന്നതേയുണ്ടായിരുന്നു. അപ്പു നല്ല ഉറക്കത്തിലാണ്. അമ്മ രാവിലത്തന്നെ എഴുന്നേറ്റ് " രാവിലെ കഴിക്കാൻ എന്തെങ്കിലലും ഉണ്ടാക്കട്ടെ' എന്ന് അച്ഛനോട് പറഞ്ഞ് എഴുന്നേറ്റ് പോയി. നേരം പുലരാത്തതു കാരണം അച്ഛൻഅപ്പുവിന്റെ അടുത്ത് കിടന്നു കുറച്ചു കഴിഞ്ഞെഴുന്നേറ്റ് അച്ഛൻ തന്റെ ജോലിക്ക് പോവാൻ ഒരുങ്ങി ചൂടോടെയുള്ള കഞ്ഞി എടുത്ത് അമ്മ അച്ഛന് കൊടുത്തു . ചാണകം തേച്ച വരാന്തയിലയരുന്ന്അച്ചൻ ആ ചൂടോടെയുള്ള കഞ്ഞി ഊതി കുടിച്ചു ദിവസവും അച്ഛൻ ജോലിക്ക് പോയാണ് ആ കുടുംബത്തെ നോക്കുന്നത്. അച്ഛന്റെ കഷ്ടപ്പാടൊന്നും അറിയാതെയാണ് അപ്പു ആ ചെറിയ വീട്ടിൽ വളരുന്നത്. അമ്മ അച്ഛനോട് പറഞ്ഞു" അപ്പു പുതിയ ഷർട്ട് വേണമെന്ന് പറഞ്ഞു നിങ്ങളുടെ അടുത്ത് അവന് ഷർട്ട് വാങ്ങാനുള്ള പൈസ ഉണ്ടോ" അച്ഛൻ ഒന്നും പറയാതെ മുറ്റത്തുണ്ടായിരുന്ന ബക്കറ്റിലെ വെള്ളം കൊണ്ട് കൈ കഴുകി ജോലിക്ക് പോയി. അച്ഛൻ ഒരു*

*കർഷകനാണ്. മാസത്തിൽ കഷ്ടിച്ച് നൂറു രൂപ കിട്ടും.അതു കൊണ്ടാണ് മൂന്നു പേരും ജീവിക്കുന്നത്.അതു കൊണ്ടാണ് മൂന്നു പേരും ജീവിക്കുന്നത്.ചെറിയ ഓല മേഞ്ഞപുര,ചെറിയ ഒരു വരാന്തയും കുഞ്ഞുട്ടക്കളയും .ഇതാണവരുടെ ലോകം മാസങ്ങൾ കടന്നു പോയി അപ്പു ഇപ്പോൾ രണ്ടാം ക്ലാസിതാണ്.മിടുക്കനായ സുന്ദരക്കുട്ടൻ . പഠനത്തിലും ഒന്നാമനായിരുന്നു. അവനെന്നും ഒരു സങ്കടമുണ്ടായിരുന്നു.*

*ഒരു കുഞ്ഞനിയനോ കുഞ്ഞനിയത്തിയോ അവന് വേണമെന്ന്.ഇതും പറഞ്ഞ് ഒരു ദിവസം അവൻ വാശിപിടച്ചു അമ്മ അവനെ സമാധാനിപ്പിച്ചു .കാര്യമുണ്ടായില്ല . കുറേ നേരം കഴിഞ്ഞവൻ പഴകിയ ഒരു പായയിൽ കിടന്നുറങ്ങി. രാവിലയായി ,അവൻ നല്ല മിടുക്കനായതുകൊണ്ട് വേഗം തന്നെ എഴുന്നേറ്റ് സൂക്കുളിൽ പോവാൻ ഒരുങ്ങി .അച്ഛൻ അതിരാവിലത്തന്നെ കൃഷി ചെയ്യാൻ അടുത്തുള്ള വയലിൽ പോയിരുന്നു.അവനെ അമ്മ സ്കൂളിൽ കൊണ്ടു വിട്ടു .ചെറിയൊരു സർക്കാർ എൽ.പി സ്കൂൾ അവിടെ അധ്യാപകർക്കെല്ലാം അവനെ*

വളരെ ഇഷ്ടമാണ്. അവന്റ ക്ലാസ് ടീച്ചറായ ലിജി അമ്മയുടെ അടുത്ത് വന്നു . അവനെ കുറിച്ച് കുടുതലറിയാൻ ശ്രമിച്ചു.

കുറച്ചുദിവസം കഴഞ്ഞപ്പോൾ അമ്മയിക്ക് വല്ലാത്ത ക്ഷീണവും തലചറ്റലും .അന്ന് രാവിലെ ഒന്നും കഴിക്കാതെ അവൻസ്കൂളിൽ പോയി. അവന് പട്ടിണി കിടന്ന് നല്ല ശീലമുണ്ട്.വീട്ടിൽ  തിരിച്ചെത്തിയപ്പോഴാണ് അവൻ അറിയുന്നത് അവന് ഒരു കുഞ്ഞനുജത്തി ജനിക്കുന്ന    വിവരം അവൻ അറിയുന്നത്.

അന്ന് രാത്രിയും പട്ടിണി ആയിരുന്നു . കുടാതെ അവൻ ഒറ്റയിക്ക് സ്കൂളിൽ പോകാൻ തുടങ്ങി .അവന് വളരെ സന്തോഷമായിരുന്നു  ഒരു അനുജത്തിയെ കിട്ടുന്നത് അത് അവൻ കുട്ടകാരോടെല്ലാം പറഞ്ഞു .അതിലൊരാൾ അവനോട് ചോദിച്ചു " നിനക്ക അനുജനോ അനുജത്തിയോ വേണ്ടത " അവൻ പറഞ്ഞു " ഞാൻ സ്നേഹിക്കുന്ന എന്നെ സ്നേഹിക്കുന്ന ഒരു അനുജനോ അനുജത്തിയോ ആണ് എനിക്ക് ഇഷ്ടം" എല്ലാവരും കൈ അടച്ചു അത്രയും പ്രശസ്തി ഉണ്ടായിരുന്നു ആ വാക്കുകൾക്ക്

***കാലം കുറേ കഴിഞ്ഞു അമ്മയിക്ക് വല്ലാത്ത വയറുവേദന അതുകൊണ്ടു തന്നെ അവന് സ്കൂളിൽ പോകാൻ മടിയായിരുന്നു .ഒരു ദിവസം വെള്ളിയാഴ്ച്ച അമ്മയിക്ക് കഠിനമായ വയറു വേദന അവൻ സ്കുളിലേക്ക് വളരെ മടിയോടെ പോയി***

## *മായാത്ത താരകം*

*കലകങ്ങളിലകതാരകങ്ങളായി*

*എൻരികിൽ നിന്നവരെ*

*ബാല്യവും കൗമാരവും യവ്വനവും കടന്നിരിക്കയായി*

*ക്ഷണികമായ ജിവിതംപോലെ ക്ഷണികമായിതീർന്ന*

*ഓർമ്മയാണ് എനിക്ക് ഇന്ന് അവികാരം*

*പക്ഷെ പ്രഥിയത്തിനാഴങ്ങളിൽ വല്യതായ*

*എന്റെ മനസ്സിൽ ആ വികാരം മായാതെ നിൽക്കയാണ്*

*വിക്രതിയും കുസ്രതിയും തന്നനാളുകൾ*

*ചൂരൽപഴം കിട്ടുമ്പോൾ കൂടയായിരുന്നില്ലേ സഖാവേ നീ*

**കൗമാരത്തിലെ ലഹരിയയിരുന്നു നമ്മളായ സൗഹൃദം**

**വികാരപൂർണ്ണമായ കലാലയത്തിലെ**

**വികാരമായിരുവ്വന്നു നാമായ സൗഹൃദം**

**സ്വപ്നങ്ങും,വിചാരങ്ങളും,കർമ്മവും**

**ഒന്നായിരുന്ന കാലം**

**ഒരൊറ്റ ചോറ്റുപാത്രത്തിൽ കൈയിട്ട് വാരി**

**തിന്ന് വയറ് നിറച്ച സൗഹൃദം**

**അമ്മയായ പ്രക്രുതിയുടെ സൗന്ദര്യം**

**ഒന്നിച്ചിരുന്നാസ്വദിച്ചിരുന്ന കാലം**

**ഒറ്റയിക്കല്ലാന്ന് തോന്നിയകാലം**

***നിന്ത്രയിൽ നിന്ന് ഞെട്ടി-***

***കണ്ണുതുറക്കുമ്പോൾ ഞാൻ അറിയായി***

***സ്വപ്നമാണെന്ന്***

***മനസിന്റെ താമഴ്വരയിൽ ഒരു വിങ്ങസലാണ്***

***മാഞ്ഞിട്ടും  മായാത്ത ഓർമ്മകളായിഉള്ളിന്റെ ഉള്ളിൽ നിൽക്കയാണ്***

## നമ്മളല്ലായ സൗഹ്രദം

**സന്ധ്യസമയം സൂര്യൻ അസ്തമിക്കാറായി . എങ്ങും ഇരുട്ടുപടരുന്നു. രാത്രിയാമങ്ങളുടെ തുടക്കം . പക്ഷികൾ കൂട്ടമായി ചിലച്ചുകൊണ്ട് കൂട്ടിലെത്താൻ** *ധൃതികാണിക്കുന്നു. ആ വലിയമുറ്റത്തിലെ മരച്ചോട്ടിൽ ഒറ്റയ്ക്കിരിക്കുകയാണ് അമ്മു. അവൾക്കൊരു കുഞ്ഞനിയത്തിയുണ്ട്. പേര് പൊന്നു. അവൾ ജനിച്ചതിൽപ്പിന്നെ അമ്മുവിന് യാതൊരു സമാധാനവുമില്ല. "അമ്മയ്ക്കും അച്ചനും ഏറ്റവും ഇഷ്ടം അവളെയാണ്".അമ്മു പിറുപിറുത്തു. "അവൾ പറയുന്നതെന്തും അച്ചൻ വാങ്ങിക്കൊടുക്കും. പക്ഷെ, ഞാൻ എന്തെങ്കിലും പറഞ്ഞാലോ, അപ്പോൾ എന്നെ വഴക്കുപറയും". പെട്ടന്ന് ഉമ്മറത്തിൽ നിന്ന് ഒരുവിളി "ആ അമ്മൂ, അമ്മൂ. ഇങ്ങോട്ട് വാ...., നീ അവിടെ എന്തെടുക്കുകയാണ്".അമ്മയാണ് വിളിക്കുന്നത്. അവൾ സാവധാനം ഉമ്മറത്തേക്കുനടന്നു. അവളുടെ മങ്ങിയ മുഖം കണ്ട് അമ്മ ചോദിച്ചു. "എന്തുപറ്റി, മോളേ".അവൾ ഒന്നും മിണ്ടിയില്ല. "നാളെ ഞങ്ങൾ ഒരു സ്ഥലം വരെ പോവുന്നുണ്ട്. നീ ഈ വീട്ടിൽ ഒറ്റയ്ക്കായിരിക്കും. നിനക്ക് പേടിയൊന്നുമില്ലല്ലോ?" "എന്നെ കൂട്ടാതെ നിങ്ങൾ എവിടെപ്പോവുകയാ, എന്നെയും കൂട്ടണം". അമ്മു ഇടറിയ സ്വരത്തിൽ പറഞ്ഞു. "എന്തിന്, നിങ്ങൾ രണ്ടുപേരും ഒരുമിച്ചുപോന്നാൽ അടികൂടും. എനിക്കാവില്ല അതൊന്നും കണ്ടുനിൽക്കാൻ." അമ്മയുടെ മറുപടി ഇങ്ങനെയായിരുന്നു. അമ്മു മറിച്ചൊന്നും പറയാതെ സങ്കടത്തോടെ കിടക്കയിൽ ചെന്നു കിടന്നു. അവൾക്കും വലിയ ആഗ്രഹമുണ്ട്. "പക്ഷെ അവർ*

എന്നെ കൂട്ടില്ല".അമ്മു അങ്ങനെയുള്ള ഒരോ ചിന്തകളുമായി കിടന്നു. അവൾ ഉറങ്ങിപ്പോയി. അവൾ ഒരു സ്വപ്നം കണ്ടു. "സ്നേഹമുള്ള ഒരു കുഞ്ഞനിയത്തി. എവിടെപ്പോകുമ്പോഴും ചേച്ചി കൂടെ വേണം. ഭക്ഷണം വാരിക്കൊടുക്കുകയും പാട്ടുപാടിക്കൊടുക്കുകയും ചെയ്യുന്നത് ചേച്ചി. ചേച്ചി ഒരു നിമിഷം അടുത്തില്ലാതായാൽ കരയുന്ന അനിയത്തി. അമ്മയേക്കാളും മറ്റാരേക്കാളും വലിയത് ചേച്ചി. എന്നും ഒപ്പം കൈ പിടിച്ചുനടന്നിരുന്ന അവൾ ഒരു ദിവസം ചേച്ചിയിൽ നിന്നും അകന്നുപോവുന്നു". ആ ദുഃഖസ്വപ്നം ദീർഘിപ്പിക്കാൻ കഴിയാതെ അമ്മു ചാടി എഴുന്നേറ്റു. അവൾ അനിയത്തിയുടെ അടുത്തേക്കോടി. എല്ലാവരും യാത്രപോവാനുള്ള ഒരുക്കത്തിലാണ്. അവളുടെ അനിയത്തി ഇതിൽ നിന്നുമെല്ലാം മാറി മറ്റൊരു സ്ഥലത്ത് ചെന്നിരിക്കുന്നു. ആരോടും ഒന്നും മിണ്ടതെ അവൾക്ക് ആദ്യമായി അവളുടെ പൊന്നുവിനോട് ഒരിഷ്ടം തോന്നി. അമ്മു സാവധാനം നടന്നു. അവൾക്കരികിലായിരുന്ന അവളുടെ പുറം പതിയെ തലോടി. നിറഞ്ഞൊഴുകുന്ന കണ്ണുകളോടുകൂടി പൊന്നു അമ്മുവിന്റെ മുഖത്തേക്ക് നോക്കി. അവൾ ഇടറിയ സ്വരത്തിൽ ചോദിച്ചു. "ചേച്ചി എന്താ ഞങ്ങളുടെ കൂടെ വരാത്തത്?" അവളുടെ ചോദ്യം കേട്ട് അമ്മുവിന് സങ്കടമായി. കണ്ണിൽ നിന്നും കണ്ണുനീർ അവളുടെ കവിളുകളിലൂടെ ഒലിച്ചിറങ്ങി. ചേച്ചിയുടെ മൗനം കണ്ട് പൊന്നു ചോദിച്ചു. "ചേച്ചി ഇല്ലാതെ ഞാനും എവിടേക്കുമില്ല. നമുക്കിവിടെയിരുന്ന് കളിക്കാം. അമ്മയും അചഛനും പോയിവരട്ടെ". അമ്മു അവളുടെ അനിയത്തിയെ മാറോടുചേർത്ത് പൊട്ടിക്കരഞ്ഞു. നെറ്റിയിൽ തുരുതുരാ ഉമ്മവച്ചു. അവൾക്ക് സഹിക്കാവുന്നതിനേക്കാൾ അപ്പുറമായിരുന്നു അത്. അവൾക്ക് എന്താപറയേണ്ടത് എന്നറിയില്ല. "പൊന്നൂ, വേഗം കുളിച്ചിട്ടുവരൂ, പോവാൻ സമയമായി". "ഞാൻ വരുന്നില്ല, ചേച്ചിയെ അമ്മ കൂട്ടുന്നില്ലല്ലോ. അതുകൊണ്ട് ഞാനും ഇല്ല". "എങ്കിൽ നിങ്ങളിവിടെയിരിക്ക്.

***ഞങ്ങൾ പോകാം. അടി കൂടല്ലേ". അമ്മയും അച്ഛനും പോയിക്കഴിഞ്ഞപ്പോൾ അവർ ഒരുപാട് കളികൾ കളിച്ചു. അമ്മുവിന് കുഞ്ഞനിയത്തിയെ വല്ലാതെ ഇഷ്ടപ്പെട്ടു. അവൾ പൊന്നുവിനോട് പറഞ്ഞു. "ഇനി ഒരിക്കലും ഞാൻ നിന്നോട് അടികൂടില്ല. നമുക്ക് സന്തോഷത്തോടെ കഴിയാ". പൊന്നു പിന്നീടൊരിക്കലും ചേച്ചിയോട് വഴക്ക് കൂടിയില്ല. അമ്മു അന്ന് സ്വപ്നത്തിൽ കണ്ട ഒരു അനിയത്തിയായി പൊന്നുമാറി. പക്ഷെ അവൾ എന്നെ കൈവിടുമോ എന്ന പേടി അമ്മുവിനെ വല്ലാതെ അലട്ടിക്കൊണ്ടിരുന്നു. അമ്മുവിന്റെയും പൊന്നുവിന്റെയും സ്നേഹപ്രകടനം കണ്ട് അച്ഛനും അമ്മയും വളരെ സന്തോഷിച്ചു.***

# ജീവിതം കൈകളാൽ

ജീവിത്തിലെ ദുരിതങ്ങൾ പലതു മറന്ന് എന്റെ ജീവിതമായ തോണി ചാലുകളിലൂടെ തടസ്സങ്ങൾ മറികടന്ന് ഒഴുകുകയായി.അവളുടെ വീട്ടിൽ പുതിയ മിക്സി വാങ്ങി നമ്മുടെ പഴയത് വിറ്റ് പുതിയതൊന്ന് വാങ്ങണം ഭാര്യ അംബുജം ആവശ്യങ്ങൾ പറയാൻ തുടങ്ങി എന്ന് മനസ്സിലായതോടെ ഞാൻ അൽപം മാറിയിരുന്നു.താണുള്ളപറമ്പത്ത് രവീന്ദ്രന്റെ മകൻ സുകുമാരൻ പേരിന്റെ കൂടെയുള്ള താണുള്ളപറമ്പത്ത് എന്നത് പറഞ്ഞതുപോലെ എന്റെ ജീവിതം താഴ്ന്ന നിലയിലായി.വെപ്പുപണിയിൽ മികവ് എന്നതാണ് എന്റെ കഴിവ് .ഭാര്യയുടെ അപ്പൻ നാരായണൻ സ്ത്രീധനമായി 1 ലക്ഷം രൂപ തരുമെന്ന് പറഞ്ഞ് എന്റെ ജീവിതത്തിലെ ഒരു വലിയ ഭാരമായി അംബുജത്തെ എന്റെ തലയിൽ എറ്റിത്തന്നു.അഹങ്കാരം അത് പണക്കാർക്ക് പറഞ്ഞതാണ് എന്ന് അവൾക്ക് ൊട്ടും മനസ്സിലാകുന്നില്ല. ഒന്നിനു മേൽ ഒന്നായി ആവശ്യങ്ങൾ അവൾ കൂട്ടിക്കൊണ്ടിരുന്നു.അതിലപ്പുറം അനാവശ്യങ്ങളും ദൈവം എപ്പോഴും പണക്കാർക്ക് ആവശ്യത്തിലേറെ എന്തും വാരികൊടുക്കും.ദരിദ്രരെ കാത്തിരിക്കുന്നത് ഓരോ ദുരന്തങ്ങൾ എന്നെ കാത്തിരിക്കുന്നത് കുഷ്ഠരോഗമാണ്.ഒന്നും വഴിയിൽ തങ്ങിനിൽക്കില്ലാ എന്നത് വെറുതെയല്ലാ എന്ന് എനിക്ക് മനസ്സിലായി .കൈകളുടെ അവസ്ഥ എല്ലാവർക്കും അറപ്പുണ്ടാക്കും എന്നു കരുതി മൂടിനടക്കാൻ തുടങ്ങി.ഹോട്ടലിലെ ഭക്ഷണം കഴിക്കുന്നയാളുകൾ കണ്ടാൽ കഴിക്കാൻ പറ്റാത്ത അവസ്ഥയാണെന്ന് പറഞ്ഞ് എല്ലാവരും കൈയ്യൊഴിയാൻ തുടങ്ങി .എന്റെ ജീവിതം വഴിമുട്ടാൻ

*തുടങ്ങിയെന്ന് എനിക്ക് പതുക്കെ മനസ്സിലായി.എന്നെ ആശ്രയിച്ച് കഴിയുന്ന എന്റെ 4 മക്കൾ,ഒന്നര വയസ്സുള്ള മകളും അവൾക്ക് തീരാഅസുഖങ്ങളാണ്.ദൈപത്തെ ഞാൻ ആദ്യമായി പഴിചാരി അങ്ങെന്തിന് ദരിദ്രരെ സൃഷ്ടിച്ചു.അടുത്ത ജന്മത്തിൽ എനിക്കെന്റെ മക്കളുടെ പണക്കാരനായ അച്ഛനായാൽ മതിയായിരുന്നു എന്ന് മനസ്സിൽ ആഗ്രഹിച്ചുകൊണ്ട് ആത്മഹത്യക്കിരയായ ദരിദ്രരുടെ ലോകത്തെക്ക് വിടവാങ്ങി.*

***വസുദേവ്.***